(എഫ്) കയർപിരി സംഘങ്ങൾക്ക് പരമാവധി 7.5 ലക്ഷം രൂപയും ഉല്പാദക സംഘങ്ങൾക്ക് 10 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി നൽകിവരുന്നു. കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിന് വരുമാനം താങ്ങൽ പദ്ധതി പ്രകാരം എല്ലാ മാസവും ധനസഹായം നൽകുന്നുണ്ട്. പി.എം.ഐ. അടിസ്ഥാന സൗകര്യ പദ്ധതി വികസനം തുടങ്ങിയ പദ്ധതികൾ പ്രകാരവും ധനസഹായം നൽകുന്നുണ്ട്. പുതിയ യന്ത്രവൽകൃത ഷെഡിനുകൾ സ്ഥാപിച്ചും തൊണ്ട് സംഭരണം, ചകിരി ഉല്പാദനം എന്നീ സർക്കാരിന്റെ പുതിയ പദ്ധതിയിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എല്ലാ കയർ സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള പുതിയ പദ്ധതി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം നൽകുന്നതിനും തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായ മേഖലയെ സംരക്ഷിച്ചു നിലനിർത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ജി) പിരിഞ്ഞുപോകുന്ന സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്ന പദ്ധതി 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. ടി. പദ്ധതി ഇപ്പോൾ നിലവിലില്ല. കയർ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ചകിരിയുടെയും തൊണ്ടിന്റെയും ലഭ്യതക്കുറവ്

221 (1304) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രതിസന്ധി തൊണ്ടും ചകിരിയും ആവശ്യത്തിന് ലഭിക്കാനുള്ള സാധ്യതക്കുറവും അവ സംസ്കരിക്കുന്നതിനുള്ള സൗകര്യക്കുറവുമാണെന്നിരിക്കേ തെങ്ങുകൃഷി വ്യാപകമാക്കുന്നതിനും വ്യാപകമായി തൊണ്ട് സംഭരിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ പരിസ്ഥിതിക്കു കോട്ടമുണ്ടാക്കാത്തവിധം തൊണ്ട് സംസ്കരിക്കുന്നതിനും ചകിരി ഉത്പാദിപ്പിക്കുന്നതിനും കൃഷി-വ്യവസായ വകുപ്പുകളോടൊത്തു ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംസ്കരിക്കുന്ന പദ്ധതിക്കായി 102.79 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൊണ്ട് സംസ്കരിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും കൃഷി-വ്യവസായ വകുപ്പുകളോടൊത്തു ചേർന്നുള്ള പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

പുതിയ റേഷൻ കാർഡ്

222 (1305) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ബി) തെറ്റ് തിരുത്തുന്നതിന് ഓൺലൈൻ സൗകര്യം ലഭിക്കാതിരുന്നവർക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(സി) ബി.പി.എൽ. കാർഡുടമകളുടെ പേര് വിവരങ്ങൾ അറിയുന്നതിനും, അർഹരായിട്ടുള്ളവരെ ഉൾപ്പെടുത്തുന്നതിനുമായി കാർഡ് വിതരണം ചെയ്യുന്നതിന് മുന്പ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടത്തുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) കാർഡുടമകളിൽ നിന്നുമുള്ള വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സോഫ്റ്റ്വെയറുകളുടെ പ്രിന്റ് റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് നൽകി തെറ്റുകൾ തിരുത്തി റേഷൻ കടകളിലൂടെ സ്വീകരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly